Uncorrected / Not for publication

## അടിയന്തരപ്രമേയം

മി. സ്പീക്കർ: നിയമസഭയിൽ സമർപ്പിക്കപ്പെട്ട പബ്ലിക് എക്സ്പെൻഡീച്ചർ കമ്മിറ്റി റിപ്പോർട്ടിൽ ഒട്ടേറെ ജനവിരുദ്ധ ശുപാർശകൾ ഉൾപ്പെട്ടിട്ടുള്ളതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണ മെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എസ്. ശർമ്മ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## പബ്ലിക് എക്സ്പെൻഡീച്ചർ കമ്മിറ്റി റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് 2003 അനുസരിച്ച് ഇങ്ങനെയൊരു റിവ്യൂ കമ്മിറ്റിയെ കേരള പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയിൽ നിയോഗി ക്കാൻ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് മൂന്നാമത് റിവ്യൂ കമ്മിറ്റി ഈ ഗവൺമെന്റ് വന്നതിനുശേഷം നിയോഗിച്ചതാണ്. 2010-11 വർഷത്തെ ഗവൺമെന്റിന്റെ വരവും ചെലവുമെല്ലാം നീരിക്ഷിച്ചതിനുശേഷം അവരുടേതായ റിപ്പോർട്ടാണ് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചത്. ഇത് റിവ്യൂ ചെയ്യാൻ വേണ്ടിയുള്ള കമ്മിറ്റിയാണ്. ഈ കമ്മിറ്റി ശുപാർശകൾ സമർപ്പിക്കാൻ വേണ്ടിയുള്ളതല്ല. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിലെയും റൂൾസിലെയും വ്യവസ്ഥകളനുസരിച്ച് ചെലവുകളും വരവുകളും പരിശോധിച്ച് അവരുടേതായ അഭിപ്രായങ്ങൾ

രേഖപ്പെടുത്തിയതാണ് ഈ കമ്മിറ്റി റിപ്പോർട്ട്. ഇത് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ള ശുപാർശകൾ അല്ല. ഈ റിപ്പോർട്ട് ഗവൺമെന്റ് അംഗീക രിക്കണമെന്നില്ല. നിങ്ങളൊക്കെ അറിഞ്ഞതുപോലെ ഈ റിപ്പോർട്ട് മേശപ്പുറത്ത് വച്ചതിനുശേഷമാണ് ഞങ്ങളൊക്കെ അറിയുന്നത്. ഇത് ഗവൺമെന്റിനോട് ചോദിച്ചിട്ടോ, അഭിപ്രായങ്ങൾ അറിഞ്ഞിട്ടോ ഒന്നുമല്ല. ഈ കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നത് ധനകാര്യവകുപ്പുമന്ത്രിയും പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയും കൂടിയുള്ള ഒരു കമ്മിറ്റിയാണ്. ഈ മൂന്നുപേരും കൂടിയ കമ്മിറ്റിയുടേതായ അഭിപ്രായങ്ങൾ അവർ വിലയിരുത്തിയത് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനത്തെ വർഷമായ 2010-11-ലാണ്. അതിനുശേഷ മുള്ളതാണ് ഒരു ആശംങ്കയ്ക്കും ഇടയില്ല. ഈ പറഞ്ഞ കാര്യങ്ങളൊക്കെ ഗവൺമെന്റ് അംഗീകരിക്കാൻ പോകുന്നില്ല. അതിനകത്ത് പല നല്ല നിർദ്ദേശങ്ങളുമുണ്ട്. 2010-11-ലെ റിപ്പോർട്ട് പരിശോധിച്ചപ്പോൾ പ്ലാൻ എക്സ്പെൻഡീച്ചർ ലോയാണെന്ന് അവർ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റ് എടുത്തിട്ടുള്ള നല്ല കാര്യങ്ങളും എടുത്തുപറഞ്ഞിട്ടുണ്ട്. പുതുതായിയുള്ള നിർദ്ദേശങ്ങളും അതിൽ പറഞ്ഞിട്ടുണ്ട്. അവർ പ്രകടിപ്പിച്ചിട്ടുള്ള ചില അഭിപ്രായങ്ങളിൽ സംസ്ഥാനത്തിന് ചേരുന്നത് എന്ന് ബോദ്ധ്യമുള്ളത് സ്വീകരിക്കും. അല്ലാത്തത് അംഗീകരിക്കുന്ന പ്രശ്നമില്ല. ഇതിന് മുമ്പും പല റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. അതുകൊണ്ട് ഇതൊന്നും പുതുമയുള്ള കാര്യമല്ല. ഇതേ സംബന്ധിച്ച് ഒരു ആശങ്കയ്ക്കും ഇടയില്ലായെ ന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി പതിവുപോലെ തന്റേടത്തോടുകൂടി പറയുകയും എന്നാൽ അപകടം ഒളിഞ്ഞിരിക്കുകയും ചെയ്യുന്നുവെന്ന് വ്യക്തമാക്കുന്നതാണ്. ഇത് റിവ്യൂ ചെയ്യുന്നതിനുള്ള നിലയിലാണെന്നും അല്ലാതെ റെക്കമെന്റേഷൻസ് എന്ന നിലയ്ക്ക് ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ലായെന്നുമാണ് പറഞ്ഞത്. ഇന്നലെ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ 35-ഓളം ശുപാർശകളാണ് ഇതിനകം വന്നിരിക്കുന്നത്. ശമ്പള പരിഷ്കരണം 10 വർഷത്തിലൊരിക്കൽ ആക്കുക, സർക്കാരിന്റെ വിവിധ ജോലികൾ പുറം കരാർ വഴി, ക്ഷേമ പെൻഷൻ ബാങ്കു വഴി, സബ്സിഡി കൊടുത്തുകൊണ്ടിരിക്കുന്നത് പുന:പരിശോധിക്കുക, പദ്ധതി തയ്യാറാക്കിയതുൾപ്പെടെ പുറം കരാർ ഏൽപ്പിക്കുക, പങ്കാളിത്ത പെൻഷൻ ത്വരിതപ്പെടുത്തുക എന്നീ കാര്യങ്ങളും ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റ് നടപ്പാക്കുന്ന പങ്കാളിത്ത പെൻഷൻ ത്വരിതപ്പെടുത്താനും അതിനെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് ആ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുന്നുണ്ട്. പുതിയ കോഴ്സുകളും സ്ഥാപനങ്ങളും വിദ്യാഭ്യാസ രംഗത്ത് എയിഡഡ് മേഖലയിൽ അനുവദിക്കാതിരുക്കുയും സ്വാശ്രയ സ്ഥാപനങ്ങൾക്ക് കൂടുതൽ അംഗീകാരം കൊടുക്കുകയും എന്നീ കാര്യങ്ങളും അതിൽ ഉൾപ്പെടും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് റിവ്യൂ കമ്മിറ്റി, റിവ്യൂ ചെയ്യുന്നതിനുവേണ്ടി വർഷത്തിലൊരിക്കൽ ചെയ്യിക്കുന്നതാണ്. റിവ്യൂ ചെയ്ത് വരുന്ന കമ്മിറ്റിക്ക് റെക്കമെന്റേഷൻസ് എന്നുള്ള നിലയ്ക്ക് ചുമതലപ്പെടുത്തിയിട്ടില്ല എന്നാണ് പറഞ്ഞത്. ആ റിപ്പോർട്ടിലെ പേജ് നമ്പർ 21 ഐറ്റം നമ്പർ 8-ൽ പറയുന്നത്, The committee

recommended........ റിവ്യൂ അല്ല, the Committee recommended the revision of salaries and pensions once in 10 year as followed by the Central Government. ഇത് റെക്കമെന്റേഷൻസാണ്. ഇത് റിവ്യൂ അല്ല ചെയ്തിട്ടുള്ളത് റിവ്യൂ കൊണ്ട് അർത്ഥമാക്കുന്നത് നമ്മുടെ പ്രവർത്തന ത്തിന്റെ അനുഭവങ്ങളിലൂടെ അതിന്റെ ശരിയും തെറ്റും തിരിച്ചറിയാനാണ്. ആ റിവ്യൂ അടിസ്ഥാനത്തിൽ റെക്കമെന്റേഷൻസ് ഇല്ലെങ്കിൽ ഇത് പറയേണ്ട. പക്ഷേ റെക്കമെന്റേഷൻസാണ് ഇതിൽ പറയുന്നത്. ആ റെക്കമെന്റേഷൻസ് കേന്ദ്ര ഗവൺമെന്റ് ഫോളോ ചെയ്യുന്നതുപോലെ 10 വർഷത്തിലൊരി ക്കലെന്നാണ്. കേരളവും കാച്ചിയ വെള്ളത്തിൽ ചാടിയ പൂച്ച പച്ച വെള്ളം കണ്ടാലും പേടിക്കുമെന്ന അവസ്ഥയാണ് ബഹുമാന്യനായ ഉമ്മൻ ചാണ്ടി ഭരണത്തിൻകീഴിൽ പറയുന്ന കാര്യങ്ങളുമായി ഊഹിക്കാൻ കഴിയും. പെൻഷൻ പ്രായം 56 ആയി ഉയർത്തുന്നതിന് ക്രമീകരണമേർപ്പെടുത്തി. ഉയർത്തില്ല എന്നാണ് ഈ പ്രശ്നം ഉയർന്നുവന്നപ്പോൾ പറഞ്ഞത്. യുവജന സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷമേ പെൻഷൻ പ്രായം ഉയർത്തുന്ന നിലപാട് സ്വീകരിക്കുകയുള്ളുവെന്ന് പറഞ്ഞു. പെൻഷൻ പ്രായം 56 ആക്കി ക്രമീകരിക്കുന്നതിനുമുമ്പ് യുവജനസംഘടനകളുമായി ചർച്ച ചെയ്തുകൊണ്ടൊരു നിലപാട് സ്വീകരിക്കാൻ സന്നദ്ധമായിരുന്നില്ല. ഈ നിലപാട് വന്നതിനുശേഷം യുവജനസംഘടനകളുടെ അഭിപ്രായങ്ങളും ശക്തമായ പ്രതിക്ഷേധങ്ങളും ഉയർന്നുവന്ന സാഹചര്യത്തിലായിരുന്നു. പിന്നീട് ചർച്ച നടത്തിയെന്ന് വരുത്തീർക്കുവാനുള്ള ഒരു ചർച്ചയ്ക്ക് വിളിച്ചു ചേർത്തത്. അതുപോലെ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. To reduce the

items of expenditure through introduction of E-governance of payment of salary, pension & social welfare schemes through banks. ഇത് പറഞ്ഞ കൂട്ടത്തിൽ out source–ൽ some of the subsidiary activities like watch and ward, cleaning, gardening, transporting officials, delivery of mails may be outsourced or on contract basis without long term financial commitment. സർക്കാർ സർവ്വീസിൽ വിവിധ നിലവാരങ്ങളിൽ പ്രവർത്തിക്കുന്ന, ആളുകളെ ഔട്ട് സോഴ്സ് വഴി എടുക്കുന്ന ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമായിട്ടുള്ളതാണ്. ആഗോളതലത്തിൽ തൊഴിലിലും ജീവിതത്തിലും സുരക്ഷ ഉറപ്പാക്കാനാകാത്ത വിധത്തിൽ ആഗോളവത്ക്കരണ നയം അടിച്ചേൽപ്പിക്കുന്നതിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. ആഗോളവത്ക്കരണത്തിന് നേതൃത്വം കൊടുക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയാണ് ഇന്ത്യയിലെ കോൺഗ്രസ്സ് പാർട്ടി. കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ രാജീവ് ഗാന്ധി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ കൂടിയായ ഡോ. ജയപ്രകാശ് ആണ് ഈ ഐക്സ്പെൻഡീച്ചർ കമ്മിറ്റിയുടെ ചെയർമാൻ എന്നതുകൂടി ആലോചിക്കുമ്പോൾ വളരെ വ്യക്തമാണ്. രാജീവ് ഗാന്ധി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ കൂടിയാണെന്ന് മാധ്യമങ്ങളിൽ കാണാൻ ഇടവന്നു. ആ നിലയ്ക്ക് ആഗോളവത്ക്കരണത്തിന്റെ ഇരയാക്കിക്കൊണ്ട് പല കാര്യങ്ങളിലും ഇവിടെ പറയുന്നതല്ല സംഭവിക്കുന്നത്. ഇവിടെ പറഞ്ഞത് എന്താണ്; വിദേശമൂലധന നിക്ഷേപം റീട്ടെയിൽ മേഖലയിൽ വരുന്നതിനെ നമ്മൾ എതിർക്കുന്നുവെന്ന് പറഞ്ഞു. ആ ബിൽ പാർലമെന്റിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ

പാർട്ടി നേതൃത്വം കൊടുത്തുകൊണ്ടുള്ള ബില്ലാണ് വന്നത്. ആഗോളവത്ക്കരണ നയത്തിൽ ന്യായീകരിക്കുന്ന വിദേശ മൂലധനനിക്ഷേപത്തിന്റെ റീട്ടെയിൽ മേഖലയിലുള്ള ബിൽ വന്നപ്പോൾ അതിനെ കോൺഗ്രസ്സ് പാർട്ടി പിന്തുണച്ചു. പാർട്ടി വിപ്പിന്റെ അടിസ്ഥാനത്തിൽ അത് അംഗീകരിക്കാൻ ബാധ്യതപ്പെട്ടതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭ ചേർന്നതിന്റെ പിറ്റേ ദിവസം ഇവിടെ പറയുകയുണ്ടായി. പാർട്ടി വിപ്പിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇപ്പോൾ കേരളത്തിൽ ബാധകമല്ലേ? ഒരു ഭാഗത്ത്, ഉയർന്നുവരുന്ന ജനവിരുദ്ധ നയങ്ങൾക്കെതിരായി വളർന്നുവരുന്ന വികാരത്തോടൊപ്പം ചേരുകയും മറുഭാഗത്ത്, ആ നയം അടിച്ചേൽപ്പിക്കാനുള്ള നയം സ്വീകരിക്കുകയും ചെയ്യുന്ന ഇരട്ടമുഖമാണ് കേരളത്തിൽ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് സ്വീകരിച്ചുക്കൊണ്ടിരിക്കുന്നത്. ഏതൊരു പ്രശ്നത്തിലാണെങ്കിലും ഇത് കാണാൻ കഴിയും. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമാണ് ഔട്ട് സോഴ്സിംഗായിട്ടുള്ള കാര്യങ്ങളിൽ വരുന്നത്. ഈ റിപ്പോർട്ടിൽ മുപ്പത്തഞ്ചോളം വരുന്ന ശുപാർശകളുണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് ചെലവഴിച്ചുകൊണ്ടിരിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് ആയിട്ടുള്ള സഹായങ്ങളുൾപ്പെടെ നാഷണൽ വേസ്റ്റാണ് എന്നുപറഞ്ഞ് പരിഹസിക്കുന്നതിനും ഈ റിപ്പോർട്ടിൽ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല അഞ്ച് വർഷത്തിലൊരിക്കൽ കേരളത്തിൽ പേറിവിഷൻ ഏർപ്പെടുത്താൻ നിർബന്ധിതമാകുന്നത്, സ്ട്രോംഗായിട്ടുള്ള ട്രേഡ് യൂണിയനുകൾ കേരളത്തിൽ സമരം ചെയ്ത് നിർബന്ധിപ്പിച്ച് കേരളത്തിന് ബാധ്യത വരുത്തിവയ്ക്കുകയാണെന്നും കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനത്തെയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രസ്ഥാനത്തെയും

സംഘടിത ശേഷിയെയും ഈ കമ്മിറ്റിയുടെ റിപ്പോർട്ടിലൂടെ ചോദ്യം ചെയ്യ പ്പെടുകയുമാണ് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ....

ശ്രീ. എസ്. ശർമ്മ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്തെ ആഗോളവൽക്കരണത്തിന്റെ തടവറയായി മാറ്റാനുള്ള നീക്ക മാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തത്. കോൺഗ്രസിന് ഇരട്ട മുഖമെന്ന് ഞാൻ പറയുന്നതിന് കാരണം ഇന്ത്യയിലെ ബ്രിട്ടീഷ് പാർലമെന്റിൽ ഭഗത് സിംഗ് സാമ്രാജ്യത്വത്തിനെതിരെ ബോംബാക്രമണ നടപടി സ്വീകരിച്ചപ്പോൾ അദ്ദേഹത്തെ തൂക്കിക്കൊല്ലാൻ വിധിച്ചു. വിദേശ മൂലധനം കണ്ടുകെട്ടാൻ ശ്രമിച്ച, രാജ്യത്തിന്റെ സ്വാതന്ത്ര്യ ത്തിനുവേണ്ടി പോരാടിയ ഭഗത് സിംഗ് പാർലമെന്റിൽ അത്തരൊരു നിലപാട് സ്വീകരിക്കാൻ നിർബന്ധിതനായി. അന്നത്തെ ബ്രിട്ടീഷ് പാർലമെന്റ് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതിന്റെ പേരിൽ ഭഗത്സിംഗിനെ തൂക്കിലേറ്റി.. ഇന്ന് അതേ പാർലമെന്റിലാണ്, കോൺഗ്രസ് ഭരണം വിദേശ മൂലധനത്തിന് പരവതാനി വിരിക്കാൻ റീട്ടെയിൽ മേഖലയിൽ നിയമം കൊണ്ടുവന്നത്. അതാണ് കോൺഗ്രസിന്റെ ഇരട്ടമുഖം. കോൺഗ്രസിന്റെ അതേ ഇരട്ടമുഖം തന്നെയാണ് ഉമ്മൻ ചാണ്ടി ഗവൺമെന്റും കേരളത്തിൽ സ്വീകരിക്കുന്നത്. പങ്കാളിത്ത പെൻഷന്റെ കാര്യത്തിലും സ്ഥിതി ഇതുതന്നെ യാണ്. ഈ റിപ്പോർട്ട് തള്ളളിക്കളയുമെന്ന് പ്രഖ്യാപിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിക്ക് കഴിയുമോ? ഇവിടെ പാവപ്പെട്ട ജനങ്ങൾ വിലക്കയറ്റത്തിന്റെ നടുവിൽ നട്ടംതിരിയുമ്പോൾ ആ ജനങ്ങളെ ഒരു ഭാഗത്ത് കൊള്ളയടിക്കുന്നു. അതേയവസരത്തിൽ .........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... വെള്ളിയാഴ്ചയാണ്. ഒരുപാട് ബിസിനസുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, കൺക്ലൂഡ് ചെയ്യുകയാണ്. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള നീക്കം തീക്കൊള്ളികൊണ്ട് ചൊറിയുന്നതിനുതുല്യമായിരിക്കും എന്ന കാര്യം ഈ അവസരത്തിൽ ഗവൺമെന്റിനെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സർക്കാർ ജീവനക്കാരുടെ അതിശക്തമായ പ്രക്ഷോഭ സമരം കേരളത്തിൽ ആർത്തിരമ്പി വരുമെന്ന കാര്യം കേരളത്തിലെ ഗവൺമെന്റ് നല്ലപോലെ മനസ്സിലാക്കണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്..... മൈക്ക് ഓഫ് ചെയ്യും. ഇന്ന് വെള്ളിയാഴ്ചയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ....

ശ്രീ. എസ്. ശർമ്മ: സർ, ജീവനക്കാരുടെ ആനുകൂല്യം ഒരു ഭാഗത്ത് വെട്ടിക്കുറക്കുകയാണ്. അതേയവസരത്തിൽ ജനനേതാക്കൾക്കെതിരായി കള്ളക്കേസുകളുണ്ടാക്കാൻ (മൈക്ക് ഓഫ്)

മി. സ്പീക്കർ: I am very sorry Mr. Sharma. Please conclude .... please.... please ....

ശ്രീ. എസ്. ശർമ്മ: ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്ന നടപടി ഒരു ഭാഗത്ത് (മൈക്ക് ഓഫ്)

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എസ്. ശർമ്മ: ഇവിടെ ജീവനക്കാരുടെയും (മൈക്ക് ഓഫ്)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് സംസാരിച്ചു തുടങ്ങണം. അങ്ങേയ്ക്കാണ് മൈക്കുള്ളത്.

ശ്രീ. എസ്. ശർമ്മ:: (മൈക്ക് ഓഫ്)

മി. സ്പീക്കർ: ഇന്ന് വെള്ളിയാഴ്ചയാണ്. ഞാൻ എത്ര സമയമായി പറയുന്നു. നിങ്ങൾ ഇതിനെ ഇങ്ങനെ പ്രോത്സഹിപ്പിക്കരുത്. അത് ശരിയല്ല. അദ്ദേഹം ഒരു സീനിയർ മെമ്പറാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് ഗവൺമെന്റിന്റെ പോളിസിയല്ല എന്ന് ബഹുമാന്യ നായ മുഖ്യമന്ത്രി അസന്നിഗ്ദ്ധമായി പറഞ്ഞു. ഒരു ടേംസ് ഓഫ് റെഫറൻസ് ഏർപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റിയെവച്ചാൽ ആ ടേംസ് ഓഫ് റെഫ റൻസിന്റെ അടിസ്ഥാനത്തിൽ വരുന്ന റെക്കമെന്റേഷനാണ്. ഇവിടെ ടേംസ് ഓഫ് റഫറൻസോടുകൂടിയ കമ്മിറ്റിയല്ല. ഇത് സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയാണ്. ഇതിന്റെ ഏഴാമത്തെ വകുപ്പിൽ പറയുന്നത്, നിയമസഭ പാസാക്കിയ നിയമ മനുസരിച്ച് ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിലെ ആറാം വകുപ്പ നുസരിച്ച് നിയമിക്കപ്പെട്ട കമ്മിറ്റിയാണ്. മുൻവർഷത്തിൽ ധനസംബന്ധമായ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലനമുണ്ടായിട്ടുള്ളിടത്ത് ഓരോ ഇനത്തിന്റെയും പൂർണ്ണ വിവരണം നൽകുന്ന ഒരു പുനഃപരിശോധനാ റിപ്പോർട്ട് നിർണ്ണയിക്ക പ്പെടാവുന്ന പ്രകാരമുള്ള രീതിയിലും ഇടവേളകളിലും കമ്മിറ്റി സമർപ്പിക്ക ണമെന്നാണ് കമ്മിറ്റിയുടെ അധികാരങ്ങളിലും കർത്തവ്യങ്ങളിലും പറയുന്നത്. It is only purely review. അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങളാണ്. It has no force of recommendation. ഏത് രീതിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത് നിയമപരമായി റെക്കമെന്റേഷനല്ല. നിയമപരമായി ഇത് നിർദ്ദേശം മാത്രമാണ്. ഗവൺമെന്റ് അത് പരിശോധിക്കുയോ അതിന്മേൽ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. റിപ്പോർട്ടിൽ പറയുന്നത് ഗവൺമെന്റിന്റെ പോളിസിയല്ല എന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ഇനി അതിന്മേൽ ഒരു സംശയ വുമില്ല. പ്രക്ഷോഭണം ഉണ്ടാക്കണമെങ്കിൽ വെറുതെ പ്രക്ഷോഭണമുണ്ടാക്കാം. ഇന്ന് വേണമെങ്കിൽ *************************** ........(ബഹളം).........

ശ്രീ. കെ. എം. മാണി: പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് റെക്കമെന്റേഷനല്ല റിവ്യൂ കമ്മിറ്റിയാണെന്ന് ഞാൻ ആദ്യംതന്നെ പറഞ്ഞിരുന്നു. ഇതിനുമുമ്പും പല റിപ്പോർട്ടുകളും ഇവിടെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എസ്. ശർമ്മ, പത്ത് വർഷമാക്കണമെന്ന് ആദ്യം പറഞ്ഞത് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ ശ്രീ. പ്രകാശല്ല. In the interest of better fiscal management, it would be prudent to move towards pay pension revision once in ten years as is done in the rest of the Country. ശ്രീ. പ്രകാശിന്റേത് മൂന്നാമത്തെ കമ്മിറ്റിയാണ്. അങ്ങിവിടെ മന്ത്രിയായിരുന്ന സമയത്ത് ഇടതുമുന്നണി ഗവൺമെന്റ് നിയോഗിച്ച രണ്ടാമത്തെ കമ്മിറ്റി - ശ്രീ. സുബ്രഹ്മണ്യം ചെയർമാനും ശ്രീ. കെ. പി. കണ്ണൻ, പിനാക്കി ചക്രവർത്തി എന്നീ അംഗങ്ങ ളുള്ള കമ്മിറ്റി - 2010 ജൂൺ മാസത്തിൽ ഈ സഭയിൽ വച്ച റിപ്പോർട്ടിൽ പത്ത് വർഷമാക്കണമെന്നുള്ള ശുപാർശയാണുള്ളത്. ഇന്നലെ ഒരു ശുപാർശ ഇവിടെ വച്ചപ്പോൾ ഇന്ന് അടിയന്തരപ്രമേയവുമായി വരുന്നതിനുമുമ്പ് നിങ്ങൾക്ക് ഡോ. തോമസ് ഐസക്കിനോടെങ്കിലും ചോദിക്കാമായിരുന്നില്ലേ? ഇത് ശുപാർശയല്ല, നിർദ്ദേശങ്ങളാണ്. ഇതിനുമുമ്പും ഇതുപോലെയുള്ളത്

---

* പിൻവലിച്ചു.

വന്നിട്ടുണ്ട്.. നിങ്ങൾ ഇന്നലെ പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് ഇവിടെ ബഹളമുണ്ടാക്കി, ജനുവരി ആദ്യം മുതൽ സമരം ചെയ്യാനൊരുങ്ങുകയാണ ല്ലോ. നിങ്ങളുടെ രണ്ടാമത്തെ കമ്മിറ്റിയുടെ ആദ്യത്തെ റിപ്പോർട്ടിൽ പറ യുന്നത് given this structural disadvantage it is absolutely vital that Kerala should join the sixteen other states that have moved away from a defined benefit scheme to a defined contribution system, കോൺട്രിബ്യൂ ഷൻ പെൻഷൻ സിസ്റ്റത്തിലേക്ക് പോകേണ്ടിയിരിക്കുന്നു എന്നാണ് നിങ്ങളുടെ കമ്മിറ്റി പറഞ്ഞത്. ഈ റിപ്പോർട്ട് വന്നപ്പോൾ ഞങ്ങൾ അടിയന്തര പ്രമേയവുമായി വന്നിട്ടില്ല. ഞങ്ങൾക്ക് നിയമം അറിയാം. ഇത് റിവ്യൂ കമ്മിറ്റി യാണ്. ഈ കമ്മിറ്റിയുടെ ശുപാർശ ഗവൺമെന്റ് നടപ്പിലാക്കാൻ തീരുമാനി ക്കുമ്പോഴാണ് നിങ്ങൾ ഇങ്ങനെ പറയേണ്ടത്. നിങ്ങളുടെ കാലത്ത് 10 വർഷ ത്തേക്ക് പോകണമെന്നുള്ള ശുപാർശയായിരുന്നു. ഇന്ന് ബംഗാളും ത്രിപു രയും കേരളവുമൊഴിച്ച് ബാക്കിയുള്ള സംസ്ഥാനങ്ങളിലെല്ലാം പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി. അന്ന് പതിനാറ് സ്റ്റേറ്റുകൾ മാത്രമേ ചേർന്നി രുന്നുള്ളൂ. യു.ഡി.എഫ് ഗവൺമെന്റിനെ ചെറുതായി കുറ്റപ്പെടുത്തുന്ന രീതി യിലുള്ള അടുത്ത വാചകവും കൂടി വായിക്കാം. there was an announcement that this could be done with effect form 1st April 2005, but it has not been implemented, ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. പങ്കാളിത്ത പെൻഷന്റെയും പത്ത് വർഷമാക്കുന്നതിന്റെയും പേരിൽ ഈ ഗവൺമെന്റിനെ അങ്ങ് വളരെ രൂക്ഷമായി വിമർശിച്ചല്ലോ. കോൺഗ്രസിന്

ഇരട്ട മുഖമാണെന്ന് പറഞ്ഞില്ലേ; ഇപ്പോൾ ഇരട്ടമുഖം ആർക്കാണെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേന്ദ്രഗവൺമെന്റിന്റെ പോളിസിയാണ് പങ്കാളിത്ത പെൻഷൻ. അത് നിങ്ങൾ നടപ്പിലാക്കി. കേന്ദ്ര ഗവൺമെന്റ് പോളിസിയാണ് 10 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇതും നിങ്ങൾ നടപ്പിലാക്കുമെന്നല്ലേ കണക്കാക്കേണ്ടത്. അത് നടപ്പിലാക്കില്ലെന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാി : ഇതൊക്കെ ചില അനുമാനങ്ങൾ വച്ചുകൊണ്ട് പറയാൻ തോന്നിയാൽ ഞങ്ങൾക്ക് എന്തുചെയ്യാൻ കഴിയാം? 2010-11 വർഷത്തെ റിവ്യൂവിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെയാണ് സ്വീകരിക്കാവുന്നതെന്നും അല്ലാത്തതെന്നും പരിശോധിക്കും.

ഡോ. ടി.എം. തോമസ് ഐസക് : സർ, നേരത്തേ റിവ്യൂ കമ്മിറ്റി പങ്കാളിത്ത പെൻഷൻ വേണമെന്ന് പറഞ്ഞു. ഞങ്ങൾ എന്തുചെയ്തു. നിങ്ങൾ പങ്കാളിത്ത പെൻഷന് വേണ്ടി ഇറക്കിയ ഉത്തരവ് ഞങ്ങൾ പിൻവലിച്ചു. 10 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം മതിയെന്നു പറഞ്ഞു. കൃത്യം 5-ാം വർഷം ഞങ്ങൾ ശമ്പളപരിഷ്കരണ കമ്മീഷനെവച്ചു. അതുകൊണ്ട് ഞങ്ങൾക്ക് രണ്ടാമതൊരു ചിന്തയില്ല. ഇത് നടപ്പാക്കില്ലെന്ന് കൃത്യമായി പറയുകയും ചെയ്തു. അതെന്താണ് അങ്ങ് പറയാത്തത്.

ശ്രീ. ഉമ്മൻ ചാണ്ടി : റിവ്യൂ കമ്മിറ്റി റിപ്പോർട്ട് മേശപ്പുറത്ത് വച്ചയുടൻ അടിയന്തരപ്രമേയവുമായി വന്ന രീതിയെയാണ് ഞാൻ വിമർശിച്ചത്. ഡോ. ടി. എം. തോമസ് ഐസക്കിനോട് ചോദിച്ചിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും

ഈ അടിയന്തരപ്രമേയവുമായി വരാൻ ശ്രീ. എസ്. ശർമ്മയ്ക്ക് പച്ചക്കൊടി കാട്ടുമായിരുന്നില്ല. ഞങ്ങൾ ഇപ്രാവശ്യത്തെ കമ്മിറ്റിയിൽ ശ്രീ. പ്രകാശിന്റെ പേരൊക്കെ പറഞ്ഞു. പ്രതിപക്ഷ നോതാവ് പറഞ്ഞ ഒരാളെയാണ് ഞങ്ങളെ ടുത്തത്. സുതാര്യമായ കാര്യങ്ങൾ മാത്രമേ നമുക്കുള്ളൂ. ഡോ. വി. നാഗ രാജൻ നായിഡുവിനെ പ്രതിപക്ഷ നേതാവ് സജസ്റ്റ് ചെയ്തതാണ്. നിങ്ങളുടെ കാലത്ത് പ്രതിപക്ഷത്തുനിന്നും ആളെ എടുത്തില്ല. പക്ഷേ, 5 പേരുടെ പേര് വന്നപ്പോൾ തന്നെ ഞാനും ധനകാര്യവകുപ്പുമന്ത്രിയും അംഗീകരിച്ചു. ഞങ്ങൾ സുതാര്യമായല്ലാതെ യാതൊന്നും രഹസ്യമായി നടത്താൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. എസ്. ശർമ്മ, ഞാനൊരു കാര്യം പറയട്ടെ. ശ്രീ. കെ.എം. മാണി ഇന്നാണ് ഈ റിപ്പോർട്ട് മേശപ്പുറത്ത് വച്ചിരുന്നതെങ്കിൽ എന്താകുമായിരുന്നുവെന്ന് മാത്രം ആലോചിച്ചാൽ മതി. ഈ വിഷയം സഭനിറുത്തുവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

<u>മി. സ്പീക്കർ</u> : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : സർ, അടിയന്തര പ്രമേയം അവതരിപ്പിച്ചുകൊണ്ട് സഖാവ് എസ്. ശർമ്മ പറഞ്ഞത് ഈ ഗവൺമെന്റിന്റെ രണ്ട് മുഖത്തെപ്പറ്റിയാണ്. അതിൽ ഒന്ന്, പങ്കാളിത്ത പെൻഷനെ സംബന്ധിച്ച് നിങ്ങൾ സ്വീകരിച്ച നിലപാട് ഞങ്ങൾ അംഗീകരിക്കില്ലെന്ന് പറയുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം വരികയും വോട്ടിംഗിന്റെ സന്ദർഭം വന്നപ്പോൾ ഇവിടെ നിന്നുള്ള 16 എം.പി. മാരും നിങ്ങൾ പറഞ്ഞതിന് ചെറിയ വിലപോലും കൽപ്പിക്കാതെ വോട്ട് ചെയ്യുകയും ചെയ്തു. രണ്ട് മുഖം ഇങ്ങനെയാണ്. ഇവിടെ ജനങ്ങളോടും പ്രതിപക്ഷ

ത്തോടും ഒന്ന് പറയുക, അതിന് വിരുദ്ധമായിട്ടുള്ള നിലയിൽ, ചില്ലറ വിൽപ്പനയുടെ കാര്യത്തിൽ നിലപാട് സ്വീകരിക്കുക. പങ്കാളിത്ത പെൻഷന്റെ കാര്യത്തിലും നിങ്ങളുടെ മുഖം അതുതന്നെയാണണെന്നുള്ള കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? ഈ നിലയിൽ ഞങ്ങളുടെ ആർഗ്യുമെന്റുകളെ ഖണ്ഡിക്കുന്നതിനായി ഇവിടെ ഞങ്ങൾ എടുത്ത നിലപാട് പറഞ്ഞപ്പോൾ, പറയുന്നതുപോലെ ചെയ്യുന്നവരാണ് ഞങ്ങൾ എന്നാണ് നിങ്ങൾ പറഞ്ഞത്. നിങ്ങൾ പറയുന്നതുപോലെ ചെയ്യുന്നവരല്ലെന്ന് മാത്രമല്ല, അതിനെ വഞ്ചിക്കുന്നവരാണ്. കേന്ദ്രത്തെ നയിക്കുന്ന പാർട്ടി കോൺഗ്രസ്സ്. ആ കോൺഗ്രസ്സിന്റെ വിപ്പ് ഞങ്ങൾക്ക് നടപ്പിലാക്കേിവന്നുവെന്ന നിസ്സഹായത ഇവിടെ പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങൾക്കെതിരായ ആ പ്രവൃത്തിക്ക് നഗ്നമായി കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള രണ്ട് മുഖം ഇതിൽ മാത്രമാണോ, നാലഞ്ച് കേസ്സുകളിൽ പ്രതിയായ ശ്രീ. കെ. സുധാകരനെ തൊടുന്നില്ല. ഇടുക്കിയിലെ ശ്രീ. എം.എം. മണിയെ ജയിലിലാക്കി. ഒരു കടയിൽ രണ്ട് കച്ചവടമല്ലേ നിങ്ങൾ നടത്തുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. എം. എം. മണിയെ നിങ്ങൾ ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്നും മാറ്റിയതെന്തിനാണ്? അത് ഞങ്ങളല്ലല്ലോ ചെയ്തത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : വിവരദോഷം നടത്തിക്കൊണ്ടുള്ള, പാർട്ടിയെ അവഹേളിക്കത്തക്ക തരത്തിലുള്ള ഒരു സ്റ്റേറ്റ്മെന്റ് നടത്തിയതിനാണ്, പാർട്ടി അച്ചടക്കത്തിന് വിരുദ്ധമായിട്ടുള്ള നിലയിലുള്ള നടപടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ മാർക്സിസ്റ്റ് സ്വീകരിച്ചിട്ടുള്ളത്. അതിൽ എന്തെങ്കിലും സംശയമുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. എം.എം. മണി വിവരദോഷി യാണെന്ന് തന്നെയാണോ അങ്ങ് പറയുന്നത്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : അദ്ദേഹം നടത്തിയത് വിവരദോഷ ത്തിന്റെ പ്രസ്താവന തന്നെയാണെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങളുടെ ആഭ്യന്തരവകുപ്പുമന്ത്രിയെ അവഹേളിച്ചുകൊണ്ട് ശ്രീ. കെ. സുധാകരൻ നടത്തിയ, അവഹേളനാർഹമായ നടപടിയെ സംബന്ധിച്ച് ലജ്ജയുടെ കണി യെങ്കിലുമുണ്ടെങ്കിൽ ഒരു ദിവസമെങ്കിലും ശ്രീ. കെ. സുധാകരനെ അകത്താ ക്കിയിട്ടായിരന്നു, ആഭ്യന്തരവകുപ്പുമന്ത്രി എഴുന്നേറ്റുനിന്ന് ഇത് പറയുന്നതെ ങ്കിൽ എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് ഇവിടെ ഇറ്റലി പട്ടാളക്കാർ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്നു. ആ മത്സ്യ ത്തൊഴിലാളികളെ വെടിവച്ചുകൊന്നതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഹൈക്കോടതിക്ക് നൽകിയിട്ടുള്ള നിർദ്ദേശമനുസരിച്ച്, തിരിച്ചുവരുമെന്നുള്ള ഉറപ്പ് ഇല്ലെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ കേന്ദ്രഗവൺമെന്റ് കിസ്തുമസ് സംബന്ധിച്ച് അവർക്ക് പോകാൻ അനുവാദം നൽകിയിരിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നോതാവ്, അത് കോടതി യാണ് ചെയ്തത്. .................(ബഹളം)............

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കോടതി ചെയ്യുമ്പോൾ അതു സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽത്തന്നെ അപ്പീലിന് പോകാം. ഇൻഡ്യാ രാജ്യത്തെ പൗരജനങ്ങൾക്കില്ലാത്ത അവകാശം, ക്രിസ്തുമസ് സംബന്ധിച്ച് മലയാളികളായിട്ടുള്ള ആളുകൾക്ക് ഇത്തരത്തി ലുള്ള ഒഴിവ് നൽകിയിട്ടുണ്ടോ? ശ്രീ. അബ്ദുൾ നാസർ മ്അദനി 9 കൊല്ലക്കാ ലമായി വിചാരണ നടത്തുന്നു. വിചാരണ ചെയ്ത് അദ്ദേഹത്തെ ശിക്ഷിക്കൂ.

എത്ര കൊല്ലത്തേക്ക് വേണമെങ്കിലും ശിക്ഷിക്കൂ. അത് ചെയ്യുന്നില്ല. അദ്ദേഹത്തിന്, മുസ്ലീംങ്ങളുടെ നല്ലദിനത്തിന് ഒരു ദിവസമെങ്കിലും പുറത്തുപോകാൻ അനുവാദം കൊടുക്കാൻ നിങ്ങൾ സമ്മതിക്കുമോയെന്ന് ഞാൻ ചോദിക്കുകയാണ്. അപ്പീൽ കൊടുത്ത് കോടതിയോട് ചോദിക്കാൻ കേരള ഗവൺമെന്റിന് കഴിയമോ? . കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തോടുള്ള പ്രതിഷേധം തെല്ലെങ്കിലും കാണിക്കാൻ സംസ്ഥാന ഗവണമെന്റിന് സന്നദ്ധതയുണ്ടായിട്ടുണ്ടോ? അതുകൊണ്ട് നിങ്ങളുടെ ഈ അറുപിന്തിരിപ്പൻ നയസമീപനം, ഒരു കടയിൽ രണ്ട് കച്ചവടം നടത്തുന്ന സമീപനം, രണ്ടുമുഖത്തോടെ പ്രതിപക്ഷത്തെ അഭിമുഖീകരിക്കുന്ന സമീപനത്തോട് അതിശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ഈ സഭ കേരളത്തിലെ 5 ലക്ഷത്തിൽപ്പരം വരുന്ന സർക്കാർ ജീവനക്കാരുടെമേൽ ആദ്യത്തെ പീഡനം നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതോടുകൂടി 1957 മുതൽ കേരളത്തിലെ സർക്കാർ ജീവനക്കാർ അനുഭവിച്ചുവന്ന ആനുകൂല്യത്തെ നിഷേധിച്ചിരിക്കുകയാണ്. അതിനുവേണ്ടിയാണ് ഈ സഭയിൽ ഗവൺമെന്റ് തീരുമാനമെടുക്കുന്നത്. രണ്ടാമത്, സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 5 വർഷത്തിലൊരിക്കൽ എന്നുള്ളത് 10 വർഷത്തിലൊരിക്കലാക്കണമെന്നതാണ്. ഞങ്ങളുടെ കാലത്ത് എക്സ്പെൻഡിച്ചർ കമ്മിറ്റി 10 വർഷമെന്ന് പറഞ്ഞുവെങ്കിലും ഞങ്ങളത് നടപ്പിലാക്കിയിട്ടില്ല. ആ നിർദ്ദേശം ഞങ്ങൾ തള്ളിക്കളഞ്ഞു. അങ്ങ് പറയുന്നത്

ശരിയാണ്. കാലാകാലങ്ങളിൽ സാങ്കേതികമായി എക്സ്പെൻഡിച്ചർ കമ്മിറ്റി യുടെ നിർദ്ദേശങ്ങൾ വരാറുണ്ട്.. ഞങ്ങളുടെ കാലത്തും പെൻഷനെക്കുറിച്ചും പേ-റിവിഷനെക്കുറിച്ചും നിർദ്ദേശങ്ങൾ വന്നു. അതെല്ലാം ഞങ്ങൾ തള്ളുക യാണ് ചെയ്തത്. പക്ഷെ നിങ്ങൾ പങ്കാളിത്ത പെൻഷൻ ഭാഗീകമായി നടപ്പി ലാക്കി. കേരള എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ വരുന്നതി നുമുമ്പുതന്നെ ഇതിനകത്ത് പറയുന്ന കാര്യം നിങ്ങൾ അതിവേഗം നടപ്പി ലാക്കി കഴിഞ്ഞു. ഈ കമ്മിറ്റിയുടെ ശുപാർശകളിൽ പ്രധാനപ്പെട്ട ഒരു കാര്യം പങ്കാളിത്ത പെൻഷനാണ്. പങ്കാളിത്ത പെൻഷൻ ഈ റിപ്പോർട്ടി ലുണ്ട്. അത് നിങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു. സ്വാഭാവികമായി കേരള ത്തിലെ സർക്കാർ ജീവനക്കാർക്ക് ഉത്കണ്ഠയുണ്ടാകും. പേ-റിവിഷൻ എന്നു പറയുന്നതിന്റെ ഘടനയും രൂപവുമൊക്കെ മാറ്റുകയാണ്. അതോടുകൂടി കേരളത്തിലെ ലക്ഷക്കണക്കിന് സർക്കാർ ജീവനക്കാരുടെ കശാപ്പുശാല യായി ഇത് മാറുകയാണത്. മാത്രവുമല്ല ക്ലാസ് ഫോർ ജീവനക്കാരെ പരി പൂർണ്ണമായി സർവ്വീസിൽ നിന്ന് ഒഴിവാക്കുകയാണ്. ഔട്ട്സോഴ്സിംഗ് എന്നുപറയുന്നത് ഇന്ത്യയിലും ലോകത്തെവിടെയുമുള്ള അദ്ധ്വാനിക്കുന്ന ജന വിഭാഗങ്ങളെ തള്ളിക്കളയുന്നതാണ്. കൂലിപ്പണിക്കാരെക്കാൾ കഷ്ടമാണ് ഔട്ട്സോഴ്സിംഗ്. അത് അൺഫെയർ ലേബർ പ്രാക്ടീസാണ്. അത് ഇന്ത്യ യിൽ നിലനിൽക്കുന്ന ഭരണഘടനയ്ക്ക് എതിരാണ്. അതുപോലും ഇതിന കത്ത് നിങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരിക്കലും ചെയ്യാൻ പാടില്ലാത്ത രണ്ട് ക്രൂരമായ കാര്യങ്ങൾ, സർക്കാർ ജീവനക്കാരുടെ നേർക്കുള്ള നിങ്ങളുടെ ഈ കടന്നാക്രമണം അവസാനിപ്പിച്ചില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്ത് വരാൻ പോവുകയാണ്. കേരളത്തിലെ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും

അനിശ്ചിതകാല പണിമുടക്കിലേയ്ക്ക് നീങ്ങുകയാണ്. നിങ്ങളുടെ കരിനിയമങ്ങൾക്കോ, നിങ്ങളുടെ പോലീസിന്റെ അക്രമങ്ങൾകൊണ്ടോ ആ സമരത്തെ അടിച്ചമർത്താൻ സാധ്യമല്ല. ആ സമരത്തിന്റെ മുന്നിൽ പലതും ഇതിൽനിന്നും തിരുത്തേണ്ടിവരും. ഈ റിപ്പോർട്ട് തള്ളിക്കളയുമെന്ന് പ്രഖ്യാപിക്കാനുള്ള കരുത്ത് ഗവൺമെന്റ് കാണിക്കാത്തത് നിർഭാഗ്യകരമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു ടി തോമസ്: സർ, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നിയമിച്ച കമ്മിറ്റി സർക്കാരിന്റെ മുമ്പിൽ വച്ച ശുപാർശകളോടുള്ള സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ തയ്യാറായിട്ടില്ല. ആ ശുപാർശകളുടെ സ്വഭാവം കേന്ദ്രത്തിലും സംസ്ഥാനത്തിലും ഗവൺമെന്റുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയങ്ങൾക്കനുസൃതമായ ചില ശുപാർശകളാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പങ്കാളിത്ത പെൻഷൻ എന്ന ശുപാർശകൾ വച്ചപ്പോൾ അത് തള്ളിക്കളയുകയാണ് ചെയ്തത്. ഇപ്പോൾ വച്ചിരിക്കുന്ന ശുപാർശ എന്നുപറയുന്നത് വിലയിരുത്തൽ മാത്രമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെക്കമെന്റേഷൻ എന്ന വാക്ക് നിർദ്ദേശം മാത്രമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പറയുന്നു. ഈ വിലയിരുത്തൽ, നിർദ്ദേശം, റെക്കമെന്റേഷൻ എന്നീ വാക്കുകൾ തമ്മിലുള്ള വ്യത്യാസങ്ങളുടെ അർത്ഥവ്യാപ്തിയെ സംബന്ധിച്ച് ഇവിടെ വലിയ സംശയമുണ്ട്. റെക്കമെന്റേഷനെ

ക്കാൾ കടുത്ത വാക്കാണ് നിർദ്ദേശം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി പറയുന്നത് നിർദ്ദേശമാണെന്നാണ്. അതിലെ പ്രധാനപ്പെട്ട ശുപാർശയെന്നു പറയുന്നത് സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം 10 വർഷത്തിലൊരിക്കൽ മതിയെന്നുള്ളതാണ്. കേരളത്തിൽ കാലാകാലങ്ങളായി സർക്കാർ ജീവനക്കാർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും 5 വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. നടപ്പാക്കിക്കൊണ്ടിരിക്കുന്ന പല നയങ്ങളിൽ നിന്നും കേന്ദ്രഗവൺമെന്റിനോടൊപ്പം നിന്നുകൊണ്ട് ഈ ഗവൺമെന്റ് വ്യതിചലിക്കുകയാണ്. ഇതിനുദാഹരണങ്ങളാണ് പങ്കാളിത്ത പെൻഷൻ., പെൻഷൻ പ്രായം വർദ്ധിപ്പിക്കൽ, സബ്സിഡികൾ നിർത്തലാക്കൽ, സബ്സിഡികൾ ബാങ്കുകൾ വഴി കൊടുക്കൽ തുടങ്ങിയവ. ജനവിരുദ്ധമായ നയങ്ങൾ ഒന്നൊന്നായി ആഗോളീകരണ ഉദാരവത്ക്കരണ നയങ്ങളുടെ ഭാഗമായി കേന്ദ്രത്തിലും സംസ്ഥാനത്തിലും നടപ്പിലാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നതിന്റെ ചുവടുപിടിച്ചുകൊണ്ട് അതിനനുസൃതമായ ഒരു നിർദ്ദേശമാണ് ഇപ്പോൾ മുന്നോട്ടുവച്ചിരിക്കുന്നത്. വെറുതേ ഒരു നിർദ്ദേശം മാത്രമേ വന്നിട്ടുള്ളൂ എന്നു പറയുന്ന ഗവൺമെന്റ്, ഈ നിർദ്ദേശം ഒരു കാരണവശാലും സംസ്ഥാനത്ത് നടപ്പിലാക്കില്ല എന്ന് പറയുവാനുള്ള ആർജ്ജവം കാണിക്കാൻ തയ്യാറുണ്ടോ എന്ന ചോദ്യമാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ടു വയ്ക്കുന്നത്. വിദ്യാഭ്യാസത്തിനുള്ള ചെലവ് കുറയ്ക്കണം, എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് ഗ്രാന്റ് നിർത്തലാക്കണം, പുതിയ കോഴ്സുകളെല്ലാം അൺ-എയ്ഡഡ് മേഖലയിൽ മതി തുടങ്ങി ദീർഘനാളുകളായി നമ്മുടെ സമൂഹത്തിൽ നാം കക്ഷിഭേദമന്യേ ഉയർത്തിപ്പിടിച്ച മൂല്യങ്ങളെ മുഴുവൻ തകർത്ത്

തരിപ്പണമാക്കുന്ന ചില നിർദ്ദേശങ്ങളാണ് ഈ ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ വ്യവസ്ഥകൾപ്രകാരം നിയമിക്കപ്പെട്ട കമ്മിറ്റി മുന്നോട്ടുവച്ചിരിക്കുന്നത്. ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുകയില്ല, അവ തള്ളിക്കളയുമെന്ന് ഒരു പ്രഖ്യാപനം നടത്തുവാൻ തയ്യാറാകാത്തതിലും ഈ വിഷയം ചർച്ചചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതുക്ഷേധിച്ച് ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. എ. എ. അസീസ്</u>: സർ, കേരള പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശുപാർശയിൽ പറഞ്ഞ പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ തീരുമാനിച്ച സംസ്ഥാന ഗവൺമെന്റ് സർക്കാർ ജീവനക്കാരുടെ തലയിൽ ഇടിത്തീവീഴ്ത്തിയതുപോലെയാണ്. ഇടിവെട്ടേറ്റവന്റെ തലയിൽ തേങ്ങ വീണതുപോലെയാണ്. സംസ്ഥാന സർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. അതിനുശേഷമാണ് 10 വർഷത്തിലൊരിക്കൽ ശമ്പള പരിഷ്ക്കരണം നടത്തിയാൽ മതിയെന്ന ശുപാർശ വച്ചിരിക്കുന്നത്. ഇത് ശുപാർശയല്ല വെറും നിഗമനം മാത്രമാണ് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നിഗമനം മാത്രമാണെങ്കിൽ ഈ ശുപാർശ ഞങ്ങൾ സ്വീകരിക്കുന്നതല്ല, തള്ളിക്കളയുന്നു എന്ന് അസന്നിഗ്ദ്ധമായി പറയാം. അങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ ഇത്തരത്തിലൊരു വാക്കൗട്ടിന് ഞങ്ങളെ പ്രേരിപ്പിക്കുമായിരുന്നില്ല. ഏതായിരുന്നാലും ഈ റിപ്പോർട്ട് തള്ളിക്കളയുമെന്ന് പ്രഖ്യാപിക്കുവാനും ചർച്ചചെയ്യുവാനും തയ്യാറാകാത്ത

ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതുക്ഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. തോമസ് ചാണ്ടി: സർ, പ്രതിപക്ഷം ഇവിടെ പ്രകടിപ്പിച്ച കാര്യങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുന്നു. 2014-ലെ പാർലമെന്റ് ഇലക്ഷന് നിങ്ങൾ സമാധാനം പറയേണ്ടിവരും. ഇന്റർനാഷണൽ മാർക്കറ്റിൽ പെട്രോളിന്റെ വില ഉയരുകയും താഴുകയും ചെയ്യുന്നതിനനുസരിച്ച് റെഗുലേറ്ററി സിസ്റ്റം എടുത്തുകളഞ്ഞ് ഇന്ത്യയിലും ഓരോ ദിവസവും 2 രൂപ കൂട്ടുകയും 3 രൂപ കുറയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്കും വീട്ടമ്മമാരുടെ മേൽ ഇടിത്തീ വീഴ്ത്തിയ പാചകവാതക സിലിണ്ടറിന്റെ പോളിസിയുടെ പേരിലും 2014-ൽ വരുന്ന ഇലക്ഷനിൽ നിങ്ങൾ സമാധാനം പറയേണ്ടിവരും. കേരളത്തിൽ 47 രൂപ അരിവിലയായിട്ടും 17 രൂപയ്ക്ക് കൊണ്ടുപോയ നെല്ലിന്റെ വില മൂന്നുമാസമായിട്ടും തരാത്ത നിങ്ങളുടെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതുക്ഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)